**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** **04-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ നിയന്ത്രണങ്ങളും, തൊഴിലാളികൾ കോവിഡ് ബാധയുടെ ഭീതിയിൽ സ്ഥാപനത്തിൽ ജോലിക്ക് എത്താതിരുന്നതും മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരുന്നെങ്കിലും നിലവിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോട് അടുക്കുന്നു. ഒന്നാം ഘട്ടം മാർച്ച് 2022-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ള രണ്ടാം ഘട്ട നിർമ്മാണം രണ്ട് വർഷത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:- റോഡ് വർക്ക് - 90% മേൽപ്പാലം നിർമ്മാണം - 65% മൾട്ടി ലെവൽ കാർ പാർക്കിംഗ് - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ വർക്കുകൾ - പുരോഗമിക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | നിരീക്ഷണ സംവിധാനം നിലവിലുണ്ട്. കൃത്യമായ ഇടവേളയിൽ വിവിധ തലത്തിൽ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ INKEL-നേയും കരാറുകാരെയും ഉൾപ്പെടുത്തി യോഗം കൂടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. അതോടൊപ്പം തന്നെ മാസ്റ്റർ പ്ലാൻ നോഡൽ ഓഫീസർ തലത്തിൽ സ്ഥിരമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ